പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *75 28-02-2018-ൽ മറുപടിക്ക്

# തൊഴിൽശാലകളിലെ സുരക്ഷിതത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ.പി.കെ.ശശി<br>ശ്രീ. എൻ. വിജയൻപിള്ള | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി കപ്പൽശാലയിലെ അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിൽശാലകളിലും ബഹുനില മന്ദിരങ്ങളുടെ നിർമ്മാണം നടക്കുന്ന ഇടങ്ങളിലും തൊഴിലെടുക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ തൊഴിൽശാലകളിലും ബഹുനില മന്ദിരങ്ങളുടെ നിർമ്മാണം നടക്കുന്ന ഇടങ്ങളിലും ഫാക്ടറീസ് ആക്ട് 1948, ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, എന്നിവ ഉൾപ്പെടെയുള്ള വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതിന് പൂർണ്ണ ശ്രദ്ധ ചെലുത്തുന്നുണ്ട്. തൊഴിലാളികളുടെ സുരക്ഷിതത്വം തൊഴിലുടമകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഫാക്ടറി ഇൻസ്പെക്ടർമാർ തൊഴിലിടങ്ങളിൽ കർശന പരിശോധന നടത്തി വരുന്നു. കൂടാതെ പ്രസ്തുത തൊഴിലിടങ്ങളിൽ ജോലിചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്കും ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും സുരക്ഷിതത്വ-അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ മൊബൈൽ പരിശീലന വാഹനമായ 'സുരക്ഷാരഥം' ഉപയോഗിച്ച് നേരിട്ട് തൊഴിലിടങ്ങളിൽ എത്തിയും 4 മേഖലാ പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (ബി) കഞ്ചിക്കോട്, കളമശ്ശേരി, ആലുവ തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളിലെ വിവിധ തൊഴിൽശാലകളിൽ സുരക്ഷാ ഉപകരണങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ പര്യാപ്തമല്ലെന്ന പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോനാ വിധേയമാക്കിയിട്ടുണ്ടോ; | (ബി) ഇത്തരത്തിൽ പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്ന പക്ഷം സത്വരമായ പരിശോധന നടത്തുന്നതാണ്. |
| (സി) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ നടപടിയുണ്ടാകുമോ; | (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ ശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആക്ട് 1948, കേരള ഫാക്ടറീസ് റൂൾസ് 1957 ഉൾപ്പെടെ ഇരുപതോളം നിയമങ്ങൾ ഫാക്ടറി ഉടമകൾ |

നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഫാക്ടറി ഇൻസ്പെക്ടർമാർ യഥാസമയം ഫാക്ടറി പരിശോധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. അപകട സാധ്യതയുടെ അടിസ്ഥാനത്തിൽ ഫാക്ടറികളെ തരംതിരിച്ച് കൃത്യമായും ഫലപ്രദമായും പരിശോധന നടത്തുന്നുണ്ട്. തുടർനിയമനടപടികൾ ഉന്നത ഉദ്യോഗസ്ഥർക്ക് നേരിട്ട് വീക്ഷിക്കാവുന്ന വിധത്തിൽ ആധുനിക വിവര വെബ് എനേബിൾഡ് റിസ്ക് വെയ്റ്റഡ് ഇൻസ്പെക്ഷൻ സ്കീമിനു രൂപം നൽകിയിട്ടുണ്ട്. തൊഴിലാളികളിൽ കണ്ടുവരുന്ന തൊഴിൽജന്യ രോഗങ്ങൾ തൊഴിൽജന്യ രോഗ നിർണ്ണയസർവ്വെയിലൂടെ കണ്ടുപിടിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒക്യുപ്പേഷണൽ ഹെൽത്ത് ആൻഡ് റിസർച്ച് സെന്ററും (OHRC) ഇൻഡസ്ട്രിയൽ ഹൈജീൻ ലാബും കൊല്ലം ജില്ലയിലെ ആശ്രാമത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

മേജർ ആക്സിഡന്റ് ഹസാർഡസ് (MAH) ഫാക്ടറികളിൽനിന്നുള്ള രാസവാതകചോർച്ച ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന പ്രഥമരക്ഷാ-പ്രവർത്തകരായ പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ ആരോഗ്യവകുപ്പ്, റവന്യൂ വകുപ്പ് എന്നിവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തീപിടുത്തം, രാസവാതകചോർച്ച എന്നിവ കൂടുതൽ വ്യാപിക്കുന്നത് പ്രതിരോധിക്കുന്നതിനും സുരക്ഷിതമായി നിർവീര്യമാക്കുന്നതിനുമായ സാങ്കേതിക സുരക്ഷാനിർദേശങ്ങൾ നൽകുന്നതിനായി എല്ലാവിധ സംവിധാനങ്ങളോടുകൂടി ഒരു കൺട്രോൾ റൂം എറണാകുളത്ത് കാക്കനാട് സ്ഥാപിച്ചിട്ടുള്ള കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ (CHEMREC) പ്രവർത്തിച്ചു വരുന്നുണ്ട്.

| | |
|---|---|
| (ഡി) കേന്ദ്ര സർക്കാർ നിരന്തരം വരുത്തുന്ന തൊഴിൽ നിയമ ഭേദഗതികൾ, തൊഴിൽ സുരക്ഷയെ മാത്രമല്ല തൊഴിലാളികളുടെ സുരക്ഷയേയും പ്രതികൂലമായി ബാധിക്കുന്നവയാണെന്ന കാര്യം പരിശോധനാവിധേയ മാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) പരിശോധനാ വിധേയമാക്കുകയും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ